പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1591 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|

**വനിതാ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. സത്യൻ<br>" സി.കെ. സദാശിവൻ<br>ശ്രീമതി കെ.കെ. ലതിക<br>" പി. അയിഷാപോറ്റി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) വനിതാ കമ്മീഷൻ മുൻപാകെ പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണെന്നറിയാമോ; | (ബി) വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ നിലവിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ ഉൾപ്പെടെ ലഭിച്ച മൊത്തം പരാതികൾ ജില്ല തിരിച്ച് ലഭ്യമാണോ; വെളിപ്പെടുത്താമോ; | (സി) കേരള വനിതാ കമ്മീഷനിൽ ലഭിച്ച പരാതികൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്ന വിവരം ലഭിച്ചാൽ പരാതികൾ ലഭിച്ചില്ലെങ്കിലും അന്വേഷിച്ച് നടപടി സ്വീകരിക്കാറുണ്ടോ; | (ഡി) പരാതി ലഭിച്ചില്ലെങ്കിലും കേരള വനിതാ കമ്മീഷന് ആവശ്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം അന്വേഷിക്കാറുണ്ട്. |
| (ഇ) വനം വകുപ്പ് മന്ത്രിയുടെ ഭാര്യ ഔദ്യോഗിക വസതിയിൽ മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെട്ടത് സംബന്ധിച്ച പത്രവാർത്തകളും ഗവ.ചീഫ് വിപ്പിന്റെ പരാതിയും വനിതാ കമ്മീഷൻ പരിഗണിക്കുകയുണ്ടായോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഇ) ഇപ്രകാരം ഒരു പരാതി വനിതാ കമ്മീഷന്റെ പരിഗണനയിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ